പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.534 24 -10 -2011 - ൽ മറുപടിയ്ക്ക്

## ഡയാലിസിസ് യൂണിറ്റുകളുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ.ലൂഡി ലൂയിസ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആവശ്യാനുസരണമുള്ള ഡയാലിസിസ് മെഷീനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് നെഫ്രോളജി, യൂറോളജി എന്നീ ഡിപ്പാർട്ട്മെൻറുകൾ സഹകരിച്ച് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തുന്നുണ്ട്. ഡയാലിസിസ് യൂണിറ്റിന് വേണ്ടി വരുന്ന ഡിസ്പോസൽസ് കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി ഒരു റേറ്റ് കോൺട്രാക്ടിൽ എത്തുന്നതിലേക്കുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ഡയാലിസിസ് ആവശ്യമുള്ള വൃക്കരോഗികൾക്ക് ആവശ്യമായ ഡയാലിസിസ് സൗകര്യം മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് യൂണിറ്റുകൾ വഴി മുഴുവനായി നൽകാൻ സാധിക്കുന്നില്ല. ഈ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ ചില ജില്ലാ താലൂക്ക് ആശുപത്രികളിൽ ഇതിനകം ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ ആശുപത്രി, ആലുവ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സൗകര്യം നിലവിലില്ലാത്ത മറ്റ് ജില്ലകളിൽ ആരോഗ്യവകുപ്പിലെ പ്ലാൻ പ്രോഗ്രാമുകളുടെ ഭാഗമായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ, താലൂക്ക് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | 2011-12-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതിപത്രികപ്രകാരം 5 കോടി [illegible] ആശുപത്രികളിലും ഡയാലിസിസ്സ് യൂണിറ്റ് തുടങ്ങുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം ഭരണാനുമതി പരിഗണിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ Special Working Group-ന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>ആലുവ താലൂക്കാശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന മാതൃകയിൽ ഈ രംഗത്ത് സഹായം നൽകാൻ സന്നദ്ധരായിട്ടുള്ള വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും സഹായങ്ങൾ ഏകോപിപ്പിച്ച് ഈ യൂണിറ്റുകളുടെ സംഘാടനവും പ്രവർത്തന ചെലവുകളും നിർവ്വഹിക്കാനും ഉദ്ദേശിക്കുന്നു. |
| (ബി) | ഏതെല്ലാം ആശുപത്രികളിലാണ് ഈ യൂണിറ്റുകൾ നിലവിലുള്ളത് ; | (ബി) | അഞ്ച് മെഡിക്കൽ കോളേജുകളിലും എറണാകുളം ജില്ലയിലെ ആലുവ താലൂക്ക് ആശുപത്രിയിലും പാലക്കാട് ജില്ലാ ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെയും സഹകരണത്തോടെയാണ് പാലക്കാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശ്രീമതി. ടി.എൻ.സീമ എം.പി. അവർകളുടെ ഫണ്ട് വഴി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എല്ലാ താലൂക്ക് ആശുപത്രികളിലും ഈ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ